(ബി) അതിന്റെ കേടുപാടുകൾ തീർക്കാൻ എന്ത് ചെലവ് വേണ്ടിവരും :

(സി) ഇതിന്റെ കേടുപാടുകൾ തീർക്കാത്തതെന്തുകൊണ്ടാണ് ;

(ഡി) വൈദ്യുതി ശ്മശാനത്തിന്റെ ഏത് ഭാഗത്തിനാണ് കേടുവന്നത് ;

(ഇ) ഈ വൈദ്യുതി ശ്മശാനത്തിൽ ഇപ്പോൾ വിറകുപയോഗിച്ചും തൊണ്ടടുക്കിയുമുള്ള ശവദാഹം നടത്തുന്നുണ്ടോ ;

(എഫ്) ഇതിന് ഈടാക്കുന്ന തുക എത്ര വീതമാണെന്ന് പറയാമോ :

(ജി) ഈ തുക കൊടുക്കുവാൻ സാധാരണക്കാർക്ക് കഴിവില്ലെന്നത് പരിഗണിച്ച് വൈദ്യുതി ശ്മശാനം ഉടനടി നന്നാക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) വൈദ്യുതി ശ്മശാനം പല പ്രാവശ്യം കേടാവുകയും ആയത് റിപ്പയർ ചെയ്തിട്ടുള്ളതുമാണ്. ഇടയ്ക്കിടെ റിപ്പയറിംഗ് ആവശ്യമായി വരുന്നതിനാൽ ആയത് വീണ്ടും റിപ്പയർ ചെയ്യേണ്ടതില്ലെന്നും ആധുനിക രീതിയിൽ പുനർ നിർമ്മാണം നടത്തുന്നതിനും നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. 2003 മുതൽ തുടർച്ചയായി പ്രവർത്തിക്കുന്നില്ല.

(ബി) 2003-ലെ നിരക്കനുസരിച്ച് 3,17,000 രൂപ കണക്കാക്കിയിട്ടുണ്ട്.

(സി) വളരെ പഴക്കമുള്ള ഫർണസ് ആയതിനാൽ പല പ്രാവശ്യം കേടുപാടുകൾ തീർത്തുവെങ്കിലും വീണ്ടും കേടുവന്നതിനാൽ ആധുനിക രീതിയിൽ ക്രിമിറ്റോറിയം നിർമ്മിക്കാൻ നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഹീറ്റിംഗ് എലിമെന്റ് 10 എണ്ണം കേടായിട്ടുണ്ട്. ഇന്റർ കണക്ടിംഗ് മെറ്റീരിയൽസ്, ഡോർ ലിഫ്റ്റിംഗ് ഡിവൈസ്, ഇന്റിക്കേഷൻ ലാബ് കേബിൾ, റിലേ, ചിമ്മിനി ഡക്ടിലേക്കുള്ള എസ്.എസ്. ഡാബർ തുടങ്ങിയവയാണ് കേടായിരിക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) വിറക് ഉപയോഗം 800 രൂപ, തൊണ്ട് ഉപയോഗിച്ച് 480 രൂപ.

(ജി) പുതിയ വൈദ്യുതി ശ്മശാനത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പ്രതിസന്ധി തരണം ചെയ്യാൻ നടപടി

91 [1030] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ :
,, പി. എസ്. സുപാൽ :
,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 വർഷം മുതൽ ഓരോ വർഷവും പ്ലാൻ വിഹിതമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിഹിതമെത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി വിഹിതം അനുവദിച്ചതിൽ വർഷംതോറും ചെലവഴിക്കാതെ വന്ന സംഖ്യ എത്ര വീതമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) പദ്ധതി വിഹിതം അനുവദിച്ച ശേഷം ഓരോ വർഷവും എത്ര സംഖ്യ വീതം വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ : ഈ വിധത്തിൽ ഓരോ വർഷവും തിരിച്ചുപിടിച്ച സംഖ്യ എത്ര വീതം എന്നു പറയാമോ ;

(ഡി) 2005-06 വർഷം ഇതുവരെയായി അനുവദിച്ച സംഖ്യ എത്രയാണ് ; ഇതിൽ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട് :

(ഇ) പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001 വർഷം മുതൽ ഓരോ വർഷവും പ്ലാൻ വിഹിതമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിഹിതം ചുവടെ കൊടുക്കുന്നു :

വർഷം		തുക (കോടി രൂപയിൽ)
2001-02	-	850.00
2002-03	-	1342.00
2003-04	-	1317.00
2004-05	-	1350.00
2005-06	-	1375.00

(ബി) പദ്ധതി വിഹിതം അനുവദിച്ചതിൽ വർഷംതോറും ചെലവഴിക്കാതെ വന്ന തുക എത്ര വീതമെന്ന് കണക്കാക്കി വരുന്നു.

(സി) സംസ്ഥാനത്തെ പദ്ധതി വിഹിതം കുറയുമ്പോൾ ആനുപാതികമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിഹിതം കുറയാറുണ്ട്. ഇപ്രകാരം പദ്ധതി വിഹിതം അനുവദിച്ചശേഷം ഓരോ വർഷവും കുറവുവന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം		തുക (കോടി രൂപയിൽ)
2001-02	-	212.50
2002-03	-	335.50
2003-04	-	197.55
2004-05	-	193.05

(ഡി) 2005-06 വർഷം ഇതുവരെയായി 964.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഗ്രാമ പഞ്ചായത്തുകൾ 60%, ബ്ലോക്ക് പഞ്ചായത്തുകൾ 51%, മുനിസിപ്പാലിറ്റികൾ 31.33%, കോർപ്പറേഷനുകൾ 28.59%, ജില്ലാ പഞ്ചായത്തുകൾ 32.7% എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തീർപ്പാക്കാത്ത പദ്ധതികൾ സ്പിൽ ഓവറായി എടുക്കാനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിന് എ.ഡി.ബി. വച്ചിട്ടുള്ള വ്യവസ്ഥകൾ

92 [1031] ശ്രീ. എം. എം. ഹസ്സൻ :
,, കെ. മുഹമ്മദാലി :
,, എം. എ. വാഹീദ് :
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിന്റെ പേരിൽ എ.ഡി.ബി. എന്തെങ്കിലും മുൻകൂർ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വ്യവസ്ഥകൾ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് സ്വീകാര്യമാണോ ?

ഉത്തരം

(എ) എ. ഡി. ബി. -യുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അല്ലാതെ വ്യവസ്ഥകൾ ഒന്നുംതന്നെയില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾ

93 [1032] ശ്രീ. കളത്തിൽ അബ്ദുള്ള :
,, സി. ടി. അഹമ്മദ് അലി :
,, സി. മോയിൻകുട്ടി :
,, ടി. പി. എം. സാഹിർ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് :

(ബി) എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട് :

(സി) ഈ പദ്ധതിയിൽ ഇപ്പോൾ എത്ര ഗുണഭോക്താക്കളുണ്ട് ;

(ഡി) മറ്റ് പഞ്ചായത്തുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ :

(ഇ) മുൻ സർക്കാരിന്റെ കാലത്ത് ഈ പദ്ധതിയിൽ എത്ര അംഗങ്ങളുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly